LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, നമ്മുടെ ഒരു സംവിധാനത്തിന്റെ പ്രത്യേകതയാണിത്, പല പ്രാവശ്യം ടെണ്ടർ വിളിച്ചു. എല്ലാം above tender ആയിട്ടാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. നൂറ് ശതമാനത്തോളം ഇരട്ടിത്തുകയാണ് ടെണ്ടർ എക്സസ് വന്നത്. അതുകൊണ്ട് ഫിനാൻസ് ഡിപ്പാർട്ടുമെന്റിന് ഒരു കാരണവശാലും തരാൻ സാധിക്കില്ല. അത് തരില്ല. അത് വേറെ ഏതെങ്കിലും രീതിയിൽ ചെയ്യാൻ പറ്റുമോയെന്ന് ഫയൽ വിളിച്ചുവരുത്തി ഒരു കോൺഫറൻസ് നടത്തി തീരുമാനിക്കാം.

ശ്രീ. സി. പി. മുഹമ്മദ്: സർ, കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം തുടങ്ങിയ മഹാനഗരങ്ങൾ കഴിഞ്ഞാൽ സംസ്ഥാനത്ത് ഏറ്റവുമധികം ഗതാഗതത്തിരക്കുള്ള പ്രദേശമാണ് പാലക്കാട്-കോയമ്പത്തൂർ ലൈൻ. പാലക്കാട്ടു നിന്നും ഗുരുവായൂരിലേയ്ക്കും അങ്ങനെ തന്നെയാണ്. ഈ മഹാനഗരങ്ങളിൽ മെട്രോയും ലൈറ്റ് മെട്രോയും സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമ്പോൾ സംസ്ഥാനത്ത് ഏറ്റവും ഗതാഗതത്തിരക്കുള്ള ഈ മേഖലയിലേക്ക് എന്തു പദ്ധതിയാണ് സർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ;

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ബഹുമാനപ്പെട്ട സി. പി. മുഹമ്മദ് പറഞ്ഞ മേഖലയിലേക്ക് റോഡ് വികസനവുമായി ബന്ധപ്പെട്ട ഒരു മെഗാ പദ്ധതി ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ബഡ്ജറ്റ് വരാനിരിക്കുന്നതുകൊണ്ട് അത് ഞാൻ ഇവിടെ പ്രഖ്യാപിക്കുന്നത് ശരിയല്ല.

മി. സ്പീക്കർ : ചോദ്യം *92, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി, ചോദ്യം *111-ഉം *118-ഉം ഇതോടൊപ്പം ക്ലബ്ബ് ചെയ്യണമെന്ന് ബഹുമാന്യരായ അംഗങ്ങൾ എഴുതി തന്നിട്ടുണ്ട്. ഒരേ വിഷയം ആയതിനാൽ അതുകൂടി ക്ലബ്ബ് ചെയ്യുന്നു.

## ആഗോള വിദ്യാഭ്യാസ സംഗമം

2(*92) ശ്രീ. എ. പ്രദീപ്കുമാർ;
ശ്രീ. എ. കെ. ബാലൻ;
ശ്രീ. കെ. സുരേഷ് കുറുപ്പ്;
ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടക്കുന്ന ആഗോള വിദ്യാഭ്യാസ സംഗമത്തിന്റെ നടത്തിപ്പിലെ പങ്കാളികൾ ആരൊക്കെയാണ്; വിശദമാക്കാമോ; സംഗമത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു;

(ബി) വിദ്യാഭ്യാസ നയങ്ങൾ കച്ചവട താല്പര്യത്തോടെ നടപ്പാക്കുക ആണെങ്കിൽ പ്രസ്തുത രംഗത്തെ മികവും സാമൂഹ്യനീതിയും അട്ടിമറിക്കപ്പെടും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിലുള്ള നീക്കം സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും സ്ഥാപനങ്ങളുടേയും ഭൂമിയും പണവും വിദേശ സ്വകാര്യ സ്ഥാപനങ്ങൾക്ക് അടിയറ വെയ്ക്കാൻ ഇടയാക്കും എന്നത് കണക്കിലെടുത്തിട്ടുണ്ടോ;

(ഡി) കയറ്റമതി-സംസ്കരണ മേഖലയുടെ രീതിയിൽ സൃഷ്ടിക്കപ്പെടുന്ന അനിയന്ത്രിത ഉന്നത വിദ്യാഭ്യാസ മേഖല, പ്രസ്തുത രംഗത്ത് ഇന്നുള്ള അവകാശങ്ങളെ ഇല്ലാതാക്കും എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഇത്തരം നടപടികൾക്കുപകരം, ഇന്നുള്ള ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ പി.കെ. അബ്ദു റബ്ബ്): സർ,

(എ) ആഗോള വിദ്യാഭ്യാസ സംഗമത്തിന്റെ നടത്തിപ്പിലെ പങ്കാളികൾ ഉന്നത വിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ കൗൺസിൽ, ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രീസ് എന്നിവരാണ്. ആഗോള വിദ്യാഭ്യാസ സംഗമത്തിന്റെ ഉദ്ദേശ്യങ്ങൾ താഴെ ചേർത്തിരിക്കുന്നു :

(a) വിദ്യാഭ്യാസത്തിന്റെ അന്തർദ്ദേശീയവൽക്കരണം.

(b) അക്കാദമിക് സിറ്റിയുടെ രൂപീകരണം.

(c) അന്തർദ്ദേശീയ ഉന്നത അക്കാദമിക് സോൺ.

(d) ഉന്നത വിദ്യാഭ്യാസ രംഗത്ത് അന്തർദ്ദേശീയ വൈദഗ്ധ്യം ഉൾപ്പെടുത്തിക്കൊണ്ടുള്ള വിദഗ്ധ തൊഴിൽ പരിശീലന കോഴ്സുകൾ.

(ബി) കച്ചവട താല്പര്യത്തോടെയല്ല ഉന്നതവിദ്യാഭ്യാസ നയങ്ങൾ നടപ്പാക്കുന്നത്.

(സി) സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും സ്ഥാപനങ്ങളുടേയും ഭൂമിയും പണവും വിദേശ സ്വകാര്യ സ്ഥാപനങ്ങൾക്ക് അടിയറ വയ്ക്കുന്നില്ല.

(ഡി)ഇത്തരത്തിലുള്ള തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

(ഇ) വിദ്യാഭ്യാസ മികവ് തന്നെയാണ് ലക്ഷ്യം. അതിന്റെ ഭാഗമായ ഒരു ചർച്ച മാത്രമാണ് ആഗോള വിദ്യാഭ്യാസ സംഗമത്തിൽ നടന്നത്.

LIBRARY ARCHIVES Kerala Legislative Assembly